# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 525

## 24.01.2018-ലെ മറുപടിക്ക്

## പെൻഷൻ സബ്ട്രഷറി ഓഫീസിന് കെട്ടിടം

| ചോദ്യം<br><br>ശ്രീ.എ.എൻ.ഷംസീർ എം.എൽ.എ | | ഉത്തരം<br><br>ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ.റ്റി.എം.തോമസ് ഐസക്ക് |
|---|---|---|
| (എ) | തലശ്ശേരിയിൽ പെൻഷൻ സബ്ട്രഷറി ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ? | ട്രഷറി അടിസ്ഥാന സൗകര്യവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ തലശ്ശേരി പെൻഷൻ പേയ്മെന്റ് സബ്ട്രഷറി ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് ഇൻകെൽ എഞ്ചിനീയർമാർ തലശ്ശേരി പെൻഷൻ പേയ്മെന്റ് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ച സ്ഥലം സന്ദർശിക്കുകയും, എന്നാൽ സ്ഥലപരിമിതി മൂലം നിർദ്ദിഷ്ട സ്ഥലത്ത് പ്രസ്തുത ട്രഷറിക്ക് കെട്ടിടം നിർമ്മിക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം ഈ വകുപ്പിന് ലഭിക്കുന്ന മുറയ്ക്ക് തലശ്ശേരി പെൻഷൻ പേയ്മെന്റ് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ